**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**06.03.2017 ൽ മറുപടിയ്ക്ക്**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1535**

## പച്ചക്കറികളിലെ അമിതമായ കീടനാശിനി ഉപയോഗം തടയുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എം. സ്വരാജ് | | ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി) |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പച്ചക്കറികളിലെ വിഷാംശം തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് നല്ല കൃഷി മുറകൾ പാലിച്ചുകൊണ്ട് സുരക്ഷിതമായി ഭക്ഷ്യവസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനായി ക്ലസ്റ്ററുകൾ രൂപീകരിക്കുകയും ധനസഹായം നൽകുകയും ചെയ്തുവരുന്നു. കൃഷിയിടങ്ങളിൽ തന്നെ ജൈവവളം ഉത്പാദിപ്പിക്കുന്നതിനായി ബ്ലോക്ക് തലത്തിൽ 2920 ജൈവവള നിർമ്മാണ യൂണിറ്റുകൾ ആരംഭിച്ചു. ക്ലസ്റ്ററുകളിൽ ഉത്പാദിപ്പിക്കുന്ന പച്ചക്കറികൾക്ക് ജി.എ.പി. സർട്ടിഫിക്കേഷൻ സഹിതം പ്രത്യേക പായ്ക്കിംഗ് ലേബലിംഗോടെ വിൽപന നടത്തുന്നതിന് ധനസഹായം നൽകുന്നുണ്ട്. പരമ്പരാഗത കൃഷിവികാസ് യോജന പദ്ധതിയിൽ കർഷകർക്ക് പരിശീലനവും ധനസഹായവും നൽകുന്നുണ്ട്. ജൈവ കൃഷിയിൽ മികച്ച പ്രവർത്തനം നടത്തുന്ന ഗ്രാമപഞ്ചായത്ത്, നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, എന്നിവയ്ക്ക് അവാർഡ് നൽകിവരുന്നു. കൂടാതെ മാർക്കറ്റിൽ നിന്നും ശേഖരിക്കുന്ന പഴം പച്ചക്കറി സാമ്പിളുകൾ കീടനാശിനി അവശിഷ്ട പരിശോധനാ ലബോറട്ടറിയിൽ പരിശോധിച്ച് വിവരം പരസ്യപ്പെടുത്തുന്നുണ്ട്. നിരോധിത കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുന്നതിനും ലൈസൻസ് ഇല്ലാതെ കീടനാശിനികളുടെ വിപണനം നടത്തുന്നത് ഒഴിവാക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കർശന നടപടികൾ സ്വീകരിച്ചു വരുന്നു. കൃഷി വകുപ്പ് ഓഫീസർമാരുടെ അറിവില്ലാതെ കീടനാശിനി കമ്പനികൾ നേരിട്ട് കൃഷിക്കാർക്ക് കീടനാശിനി നൽകുന്നതും, കൃഷിയിടങ്ങളിൽ demonstration നടത്തുന്നതും, പരസ്യങ്ങൾ നൽകി കീടനാശിനി പ്രയോഗത്തിന് കൃഷിക്കാരെ നിർബന്ധിക്കുന്നതിനും കൃഷിവകുപ്പ് നിരോധനം ഏർപ്പെടുത്തി |
| (ബി) | പച്ചക്കറികളിലെയും ധാന്യവർഗ്ഗങ്ങളിലെയും അമിതമായ കീടനാശിനി ഉപയോഗം ഉത്പാദന സ്ഥലത്തു തന്നെ തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | പച്ചക്കറികളിലേയും ധാന്യവർഗ്ഗങ്ങളിലേയും അമിതമായ കീടനാശിനി പ്രയോഗം ഉത്പാദന സ്ഥലത്തുതന്നെ തടയുന്നതിന് കർഷകർക്ക് ബോധവത്കരണം നൽകി ജൈവ കൃഷിരീതികൾ നടപ്പിലാക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങൾ ജൈവ കീടനാശിനി/കുമിൾനാശിനി എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ